സൂറഃ-7

# അൽ അഅ്റാഫ്

وَمَآ أَرْسَلْنَا فِى قَرْيَةٍ مِّن نَّبِىٍّ إِلَّآ أَخَذْنَآ أَهْلَهَا بِٱلْبَأْسَآءِ وَٱلضَّرَّآءِ
لَعَلَّهُمْ يَضَّرَّعُونَ ﴿٩٤﴾

ثُمَّ بَدَّلْنَا مَكَانَ ٱلسَّيِّئَةِ ٱلْحَسَنَةَ حَتَّىٰ عَفَوا۟ وَّقَالُوا۟ قَدْ مَسَّ ءَابَآءَنَا
ٱلضَّرَّآءُ وَٱلسَّرَّآءُ فَأَخَذْنَٰهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٩٥﴾

وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا۟ وَٱتَّقَوْا۟ لَفَتَحْنَا عَلَيْهِم بَرَكَٰتٍ مِّنَ
ٱلسَّمَآءِ وَٱلْأَرْضِ وَلَٰكِن كَذَّبُوا۟ فَأَخَذْنَٰهُم بِمَا كَانُوا۟ يَكْسِبُونَ ﴿٩٦﴾

**94.** നാം പ്രവാചകനെ നിയോഗിച്ച ഏതു നാട്ടിലും, ആ നാട്ടുകാരെ പ്രയാസങ്ങളാലും പ്രതിസന്ധികളാലും പരീക്ഷിക്കാതിരുന്നിട്ടില്ല; അവർ വണക്കമുള്ളവരാകുന്നതിനുവേണ്ടി.

**95.** പിന്നീട് അവരുടെ ദുഃസ്ഥിതിയെ നാം സുസ്ഥിതിയാക്കി മാറ്റി. അങ്ങനെ തഴച്ചുവളർന്നപ്പോൾ അവർ ഘോഷിച്ചുതുടങ്ങി: സന്താപകാലവും സന്തുഷ്ടകാലവുമൊക്കെ നമ്മുടെ പൂർവികരെയും ബാധിച്ചിട്ടുള്ളതാണ്. ഒടുവിൽ അവർ ഓർക്കാതിരിക്കെ, ആകസ്മികമായി നാം അവരെ പിടികൂടി.

**96.** പുരവാസികൾ സത്യധർമങ്ങൾ അംഗീകരിക്കുകയും ദൈവഭക്തരായി വാഴുകയും ചെയ്തിരുന്നുവെങ്കിൽ നാം തീർച്ചയായും വിണ്ണിൽനിന്നും മണ്ണിൽനിന്നും അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ അവർ സത്യധർമങ്ങളെ തള്ളിപ്പറഞ്ഞു. അപ്പോൾ അവരുടെ കർമഫലമായി നാം അവരെ ശിക്ഷിച്ചു.

| | | | |
|---|---|---|---|
| وَمَآ أَرْسَلْنَا | = നാം അയ(നിയോഗി)ച്ചിട്ടില്ല | فِى قَرْيَةٍ | = ഒരു നാട്ടിൽ (ഏതു നാട്ടിലും) |
| مِّن نَّبِىٍّ | = പ്രവാചകനിൽനിന്ന് (പ്രവാചകനെ) | إِلَّآ أَخَذْنَآ | = നാം പിടികൂടിയിട്ട് അല്ലാതെ (പരീക്ഷിക്കാതിരുന്നിട്ടില്ല) |
| أَهْلَهَا | = അതിന്റെ ആളുകളെ (ആ നാട്ടുകാരെ) | بِٱلْبَأْسَآءِ | = പ്രയാസങ്ങളാൽ, പീഡനങ്ങളാൽ |
| وَٱلضَّرَّآءِ | = ബുദ്ധിമുട്ടുകളാലും, വിഷമങ്ങളാലും | لَعَلَّهُمْ يَضَّرَّعُونَ | = അവർ വണക്കമുള്ളവരാകുന്നതിനു വേണ്ടി |
| ثُمَّ | = പിന്നീട് | بَدَّلْنَا | = നാം മാറ്റി |
| مَكَانَ ٱلسَّيِّئَةِ | = ദോഷത്തിന്റെ സ്ഥാനം (ദുഃസ്ഥിതി) | ٱلْحَسَنَةَ | = നല്ലതായിട്ട് (സുസ്ഥിതിയിലാക്കി) |
| حَتَّىٰ عَفَوا۟ | = അങ്ങനെ അവർ തഴച്ചു വളർന്നു, സുഭിക്ഷരായി | وَّقَالُوا۟ | = അപ്പോൾ അവർ പറഞ്ഞു (ഘോഷിച്ചു തുടങ്ങി) |
| قَدْ مَسَّ | = തീർച്ചയായും സ്പർശിച്ചു (ബാധിച്ചിട്ടുള്ളതാണ്) | ءَابَآءَنَا | = നമ്മുടെ പൂർവ പിതാക്കളെ |
| ٱلضَّرَّآءُ | = ബുദ്ധിമുട്ടുകൾ, കഷ്ട(സന്താപ)കാലം | وَٱلسَّرَّآءُ | = സൗഖ്യം, സന്തുഷ്ട (കാലം) |
| فَأَخَذْنَٰهُم | = അപ്പോൾ (ഒടുവിൽ) നാം അവരെ പിടികൂടി | بَغْتَةً | = ആകസ്മികമായി, പെട്ടെന്ന് |
| وَهُمْ لَا يَشْعُرُونَ | = അവർ ഓർക്കാതിരിക്കെ | وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا۟ | = നാട്ടുകാർ, പുരവാസികൾ വിശ്വസിച്ചിരുന്നുവെങ്കിൽ (സത്യധർമങ്ങൾ അംഗീകരിക്കുകയും) |

وَٱتَّقَوْا = ദൈവഭക്തരാവുകയും (രായി വാഴുകയും ചെയ്തിരുന്നുവെങ്കിൽ)

لَفَتَحْنَا = തീർച്ചയായും നാം തുറന്നുകൊടുക്കുമായിരുന്നു عَلَيْهِم = അവരുടെമേൽ

بَرَكَٰتٍ = അനുഗ്രഹങ്ങൾ(അനുഗ്രഹത്തിന്റെ കവാടങ്ങൾ) مِّنَ ٱلسَّمَآءِ = വിണ്ണിൽനിന്ന് وَٱلْأَرْضِ = മണ്ണിൽനിന്നും

وَلَٰكِن = പക്ഷേ كَذَّبُوا = (സത്യധർമങ്ങളെ) അവർ തള്ളിപ്പറഞ്ഞു فَأَخَذْنَٰهُم = അപ്പോൾ നാം അവരെ പിടികൂടി (ശിക്ഷിച്ചു)

بِمَا كَانُوا يَكْسِبُونَ = അവർ സമ്പാദിച്ചതിനു(ന്റെ കർമഫലമായി)

**94:** പ്രവാചകന്മാരുടെ പ്രബോധനം ലഭിച്ചിട്ടും സംസ്കരിക്കപ്പെടാൻ ഭാഗ്യമില്ലാതെ നശിച്ചുപോയ കുറേ സമൂഹങ്ങളുടെ ചരിത്രമാണ് ഇതുവരെ പ്രതിപാദിച്ചത്. തുടർന്ന് പ്രവാചകന്മാർ നിയോഗിക്കപ്പെട്ട സമൂഹങ്ങളിൽ അല്ലാഹു സ്വീകരിച്ച പൊതുവായ നടപടിക്രമം വിശദീകരിക്കുകയാണ്. പ്രവാചകന്മാർ ചെന്ന് ജനങ്ങളെ കുറേ തത്ത്വങ്ങളിലേക്കും നിയമങ്ങളിലേക്കും വിളിക്കുക, ജനം അത് സ്വീകരിക്കുന്നില്ലെങ്കിൽ ഉടനെ അവരെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നില്ല അല്ലാഹുവിന്റെ നടപടിക്രമം.

അധർമങ്ങൾ വർജിക്കാനും പാപങ്ങളിൽ പശ്ചാത്തപിക്കാനും അല്ലാഹുവിങ്കൽനിന്നുള്ള രക്ഷാശിക്ഷകൾ കരുതിയിരിക്കാനും പ്രവാചകന്മാർ മുഖേന നാട്ടുകാരെ ഉണർത്തുന്നതോടൊപ്പം, ആ ഉദ്ബോധനങ്ങളെ മൂർത്തമായി പ്രതിഫലിപ്പിക്കുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുകയും ചെയ്യും. ഒരുവശത്ത് പ്രവാചകൻ അവിദ്യയെയും ദൈവവിസ്മൃതിയെയും നാട്ടിൽ നാശം സൃഷ്ടിക്കുന്നതിനെയും അല്ലാഹുവിന്റെ ഇഹപരശിക്ഷകളെയും കുറിച്ചു ബോധനം ചെയ്യുമ്പോൾ മറുവശത്ത് പ്രകൃതി വിപത്തുകളുടെയും ക്ഷാമത്തിന്റെയും പകർച്ചവ്യാധികളുടെയും രൂപത്തിലുള്ള പ്രയാസങ്ങളും പീഢകളും അതു സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ടാകും. ലോകത്തിന്റെയും ജീവിതത്തിന്റെയും യഥാർഥ നിയന്ത്രണം സ്വന്തം കരങ്ങളിലല്ലെന്നും സ്രഷ്ടാവായ അല്ലാഹുവിന്റെ കരങ്ങളിലാണെന്നും ജനങ്ങൾ ഓർക്കാനും അവനോട് വിനയവും വിധേയത്വവുമുള്ളവരാകാനും വേണ്ടിയാണിത്. പ്രവാചകന്റെ വാക്കുകളെ ആകാശവും ഭൂമിയും ഈവിധം പ്രവൃത്തിരൂപത്തിൽ കാണിക്കുമ്പോൾ, മനസ്സിന്റെ അടിത്തട്ടിൽ തഖ്വയുടെ-സത്യബോധത്തിന്റെ- അംശം അവശേഷിക്കുന്നവരെ അത് തട്ടിയുണർത്തുകയും അല്ലാഹുവിന്റെ മുന്നിൽ തല കുനിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഈ അനുഭവം കൊണ്ടും ഉണരാൻ കൂട്ടാക്കാത്തവരെ അല്ലാഹു മറ്റൊരു പരീക്ഷണത്തിനു കൂടി വിധേയരാക്കുന്നു. അവരുടെ ഇല്ലായ്മകളും വല്ലായ്മകളുമെല്ലാം മാറ്റി ശക്തിയും ക്ഷേമവും പ്രദാനം ചെയ്യുന്നു. നേരത്തെയുണ്ടായ കാലക്കേടുകൾ സ്വന്തം കർമദോഷങ്ങളാലുണ്ടായതാണെന്ന് ചിന്തിക്കാൻ ഒരവസരമാണിത്. പക്ഷേ, സത്യത്തിനു നേരെ മനസ്സ് കല്ലിച്ച് കാതുകൾ ബധിരവും കണ്ണുകൾ അന്ധവുമായിപ്പോയവരിൽ ഇതും പ്രയോജനം ചെയ്യില്ല. സാമ്പത്തികമായും നാഗരികമായും വികാസം സിദ്ധിക്കുകയും വമ്പിച്ച ശക്തിയുടെയും അധികാരത്തിന്റെയും ഉടമകളാവുകയും ചെയ്യുന്നതോടെ പഴയ യാതനയുടെയും ദുരിതത്തിന്റെയും നാളുകൾ അവർ മറന്നുപോകുന്നു. പിന്നെ പ്രവാചകസന്ദേശങ്ങളെ പരിഹസിച്ചുതള്ളുന്നു. അവർ ഘോഷിക്കുന്നു: മുമ്പുണ്ടായ ക്ഷാമത്തെ, പ്രളയത്തെ, ഭൂകമ്പത്തെ, നമ്മുടെ കർമദോഷങ്ങൾക്ക് ദൈവം തന്ന ശിക്ഷയായി വർണിച്ച് സമൂഹത്തിന്റെ ആത്മവീര്യം തകർക്കുന്നത് മഹാ വിഡ്ഢിത്തമാണ്. നമ്മുടെ കർമങ്ങളും അത്തരം വിപത്തുകളും തമ്മിൽ ഒരു ബന്ധവുമില്ല. മനുഷ്യന്റെ വിശ്വാസചര്യകൾ വേറെ, പ്രകൃതി നിയമങ്ങൾ വേറെ. നമ്മുടെ പൂർവികരൊക്കെ സജ്ജനങ്ങളും പുണ്യാത്മാക്കളുമായിരുന്നില്ലേ? യുദ്ധം, ക്ഷാമം, പ്രളയം, കൃഷിനാശം, വ്യാപരത്തകർച്ച, വരൾച്ച എന്നിങ്ങനെ നാനാതരം വിപത്തുകൾ അവരെയും ബാധിച്ചിരുന്നു. എല്ലാം കാലത്തിന്റെ കറക്കത്തിൽ യാദൃഛികമായി ഉളവാകുന്ന പ്രതിഭാസങ്ങളാണ്. ചിലപ്പോഴത് നമുക്ക് ദുരിതവും യാതനയുമായിത്തീരുന്നു. ചിലപ്പോൾ ക്ഷേമവും സൗഖ്യവുമായി അനുഭവപ്പെടുന്നു. ഒരു കാലം വസന്തവും മറ്റൊരു കാലം ശിശിരവുമാകുന്നത് നമ്മുടെ കർമമനുസരിച്ചാണോ? അതുപോലെ ചിലപ്പോൾ വരൾച്ചയുണ്ടാകുന്നു, ചിലപ്പോൾ പ്രളയവും. ഇതിനെയൊക്കെ മനുഷ്യന്റെ കർമസംസ്കാരവുമായും മൂല്യബോധവുമായും ബന്ധിപ്പിക്കുന്നത് ബാലിശമായ യുക്തിശൂന്യതയാണ്.

വേദനകളുടെയും യാതനകളുടെയും പരീക്ഷണത്തിലകപ്പെടുത്തിയിട്ടും സത്യത്തിലേക്ക് ഉണരാൻ കൂട്ടാക്കാത്തവരെ പിന്നീട് അല്ലാഹു ഭൗതികസമൃദ്ധിയുടെയും സൗഭാഗ്യത്തിന്റെയും ലഹരിയിൽ പൂർണമായി ഉന്മത്തരാക്കി, അവരൊട്ടും നിനച്ചിരിക്കാത്ത അവസരത്തിൽ കൊടിയ ശിക്ഷയാൽ നശിപ്പിക്കുന്നു എന്നുമാവാം ഇവിടെ വിവക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ ദുരന്തങ്ങളാൽ പരീക്ഷിക്കപ്പെടുന്നതിന്റെ ലക്ഷ്യത്തെക്കുറിച്ച് 'അവർ വണക്കമുള്ളവരാകാൻ'- لَعَلَّهُمْ يَضَّرَّعُونَ - എന്നു പറഞ്ഞതുപോലെ സമൃദ്ധിയേകുന്നതിന്റെ ലക്ഷ്യമാണ് ഒട്ടും നിനച്ചിരിക്കാത്ത നേരത്ത് ശിക്ഷക്കിരയാക്കപ്പെടുക - فَأَخَذْنَٰهُم بَغْتَةً وَهُمْ لَا يَشْعُرُونَ.

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതിയുണ്ട്: മനുഷ്യരിൽ ദൈവബോധമുണർത്താനുള്ള- لَعَلَّهُمْ يَضَّرَّعُونَ -പരീക്ഷണങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അത് സജ്ജന-ദുർജന വ്യത്യാസമില്ലാതെ എല്ലാവരെയും ബാധിക്കുന്നതായിരിക്കും. സത്യനിഷേധികൾ ഇതിനെ നിഷേധം വളർത്താനുള്ള തെളിവായിട്ടെടുക്കുന്നു. ഈ കാലവിപത്തുകൾക്ക് വിശ്വാസവുമായും കർമരീതിയുമായും ബന്ധമുണ്ടായിരുന്നുവെങ്കിൽ, ഞങ്ങളും ഞങ്ങളെ സദുപദേശം ചെയ്യുന്ന വിശിഷ്ടജനമെന്ന് പറയപ്പെടുന്നവരും ഒരുപോലെ ഇതിന്നിരകളാകുന്നതെങ്ങനെ? കർമജീവിതവും കാലക്കേടും തമ്മിൽ ബന്ധമുണ്ടെങ്കിൽ ഞങ്ങൾ പട്ടിണികൊണ്ട് നരകിച്ചപ്പോൾ പ്രവാചകന്നും കൂട്ടുകാർക്കും ദൈവം ആകാശത്തുനിന്ന് സ്വർഗീയ വിഭവങ്ങൾ ഇറക്കിക്കൊടുക്കേണ്ടതല്ലേ? അങ്ങനെ സംഭവിക്കാത്തതിനാൽ മനുഷ്യന്റെ കർമം നന്നായാൽ പ്രകൃതി കനിയും എന്ന് പറയുന്നതിന് ഒരർഥവുമില്ല.

പ്രവാചകന്മാരുടെ പ്രതിയോഗികൾ ഉന്നയിക്കാറുണ്ടായിരുന്ന ഈ ന്യായം അവിശ്വാസികൾ ഇക്കാലത്തും ഉന്നയിക്കാറുണ്ട്. കൊടുങ്കാറ്റും പ്രളയവും ഭൂകമ്പവുമെല്ലാം ഉണ്ടാകുമ്പോൾ ദേവാലയങ്ങളും കള്ളുഷാപ്പുകളും ചൂതാട്ടകേന്ദ്രങ്ങളും അഗതി മന്ദിരങ്ങളും വീടുകളുമെല്ലാം ഒരുപോലെ തകർന്നുപോകുന്നു. ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയും ഒരു മതവുമില്ലാത്തവനും ദൈവവിശ്വാസിയും നാസ്തികനും മരിച്ചുവീഴുന്നു. ദൈവഭക്തനും ദൈവധിക്കാരിയും സന്മാർഗിയും ദുർമാർഗിയും മാന്യനും തെമ്മാടിയും ദുരിതബാധിതരാകുന്നു.

അവിശ്വാസത്തിന്റെ ഇരുട്ടിൽനിന്ന് നോക്കുന്നവർക്ക് ഈ സംഗതികളെ ശരിയായി ഉൾക്കൊള്ളാൻ കഴിയാത്തതാണ് ഇവിടത്തെ മുഖ്യപ്രശ്നം. ആ ഇരുട്ട് ഇല്ലെങ്കിൽ, അല്ലെങ്കിൽ ആ ഇരുട്ടിന് അത്ര കട്ടിയില്ലെങ്കിൽ, അത്യാഹിതങ്ങളുണ്ടാകുമ്പോൾ ആദ്യം മനുഷ്യമനസ്സിലുണരുക 'ദൈവമേ!' എന്ന വിചാരമായിരിക്കും. സത്യത്തിന്റെ ആർദ്രത ഒട്ടും അവശേഷിക്കാത്തവണ്ണം അസത്യം കൊണ്ട് വരണ്ടുണങ്ങിയ മനസ്സുകളിൽ മാത്രമേ ആ വിചാരം തീരെ ഉണരാതിരിക്കൂ. ചില മനസ്സുകളിൽ തൽക്കാലം ദൈവവിചാരമുണർന്നാലും അധികം താമസിക്കാതെ പഴയ അവിശ്വാസത്തിലേക്കും ഭൗതികപ്രമത്തതയിലേക്കും തിരിച്ചുപോകുന്നു. അത് ചെകുത്താന്റെ നേട്ടമാണ്. ചെകുത്താനാണ് സൗഭാഗ്യവും ദൗർഭാഗ്യവുമൊക്കെ പണ്ടു മുതലേ മനുഷ്യരെ ബാധിക്കാറുള്ളതാണ്; ഭാഗ്യനിർഭാഗ്യങ്ങളും ധർമാധർമങ്ങളും തമ്മിൽ ബന്ധമൊന്നുമില്ല- قَدْ مَسَّ ءَابَآءَنَا ٱلضَّرَّآءُ وَٱلسَّرَّآءُ - എന്ന ന്യായം അവർക്ക് ഓതിക്കൊടുക്കുന്നത്. ചെകുത്താന്റെ ഈ കുതർക്കത്തിൽനിന്ന് രക്ഷപ്പെടാൻ ഒരു കാര്യം സദാ ഓർത്തിരിക്കേണ്ടതുണ്ട്: ആളുകളെ ദൈവബോധത്തിലേക്കുണർത്താൻ പ്രത്യക്ഷപ്പെടുന്ന പരീക്ഷണാത്മക വിപത്തുകൾ ബാധിക്കുന്നതിൽ സജ്ജന-ദുർജന വ്യത്യാസമുണ്ടാവില്ല. അത് യഥാർഥത്തിൽ ശിക്ഷയല്ല; ശിക്ഷണമാണ്. പരീക്ഷണമാണ്. ദൈവധിക്കാരം പ്രവർത്തിക്കുന്നവരെ ഈ ജീവിതത്തിൽതന്നെ തെരഞ്ഞുപിടിച്ചു ശിക്ഷിച്ചു നേരെയാക്കുന്ന സമ്പ്രദായം അല്ലാഹുവിനില്ല. ഒരിക്കലും നേരെയാവില്ല എന്ന് തെളിഞ്ഞു കഴിഞ്ഞവർക്കുള്ളതാണ് ശിക്ഷ. അത് വിധിക്കപ്പെട്ടാൽ പിന്നെ നന്നാവാൻ അവസരമില്ല. വിപത്തുകൾ പരീക്ഷണാത്മകമായതിനാൽ അത് ഇന്ന തെറ്റുകൾക്കുള്ളത് എന്ന് വെളിപ്പെടുത്തിക്കൊണ്ടല്ല ആഗതമാവുക. മനുഷ്യനെ അവന്റെ അധികാര ഹീനതയിലേക്കും കഴിവുകേടിലേക്കും നിസ്സാരതയിലേക്കും ഉണർത്തുകയാണ് ആപത്തുകൾ ചെയ്യുന്നത്. ആ ഉണർച്ച അവനെ യഥാർഥവും ആത്യന്തികവുമായ അധികാരത്തിന്റെയും ശക്തിയുടെയും പ്രതാപത്തിന്റെയും കേന്ദ്രത്തിലേക്ക് നയിക്കുന്നു. ഇബ്ലീസ് മോഹിപ്പിക്കുന്ന വർണശബളമായ ഭൗതികതയെ അവഗണിച്ചുകൊണ്ട് ആത്മീയ യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ തയാറാകുന്നവർക്കേ ആ മാർഗദർശനം സ്വീകരിക്കാൻ കഴിയൂ.

പരീക്ഷണമെന്ന നിലയിൽ പ്രയാസങ്ങളും പ്രതിസന്ധികളും സജ്ജനങ്ങളിലും പ്രസക്തമാകുന്നു. യാതനകളും വേദനകളും അല്ലാഹുവിനോടുള്ള അവരുടെ ഭക്തിയും വണക്കവും വർധിപ്പിക്കുന്നു. അവരിൽ സംഭവിച്ച വീഴ്ചകൾക്ക് പരിഹാരമായിത്തീരുകയും അങ്ങനെ അവരെ ആദർശപരവും ധാർമികവുമായ ഔന്നത്യങ്ങളിലേക്ക് ഉയർത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വിശ്വാസത്തിന്റെ ദൃഢതയും നിഷ്കളങ്കതയും മാറ്റുരക്കപ്പെടുന്നതും പരീക്ഷണങ്ങളിലൂടെയാണ്. പരീക്ഷണപരമായ പീഡനങ്ങൾ കൊണ്ടും ദൈവവിചാരം -تضرع- ഉളവാകാത്തവരോ, അവരിൽ അല്ലാഹുവിന്റെ ന്യായം പൂർത്തിയാക്കപ്പെടുന്നു. അനന്തരം ശിക്ഷാവിധിയുണ്ടാകുന്നതോടെ അവർ ഉന്മൂലനം ചെയ്യപ്പെടുന്നു. ആ ശിക്ഷയിൽനിന്നാണ് സജ്ജനങ്ങൾ ഒഴിവാക്കപ്പെടുക.

ധിക്കാരികളിൽ ദൈവബോധമുണർത്തുന്നതിനുവേണ്ടി പ്രത്യക്ഷപ്പെടുത്തുന്ന വിപത്തുകളെക്കുറിച്ച് സൂറഃ *അസ്സജദ* 21-ാം സൂക്തത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: وَلَنُذِيقَنَّهُم مِّنَ ٱلْعَذَابِ ٱلْأَدْنَىٰ دُونَ ٱلْعَذَابِ ٱلْأَكْبَرِ لَعَلَّهُمْ يَرْجِعُونَ (മഹാശിക്ഷ കൂടാതെ ഈ ലോകത്ത് അവരെ നാം ചില ചെറിയ ശിക്ഷകൾ രുചിപ്പിക്കും. അവർ ധർമത്തിലേക്ക് മടങ്ങിയെങ്കിലോ!). സൂറഃ *അൽബഖറ*യിൽ വിശ്വാസികളെ സംബോധന ചെയ്യുന്ന 155-ാം സൂക്തത്തിൽ ഇത്തരം പരീക്ഷണങ്ങളിൽനിന്ന് വിശ്വാസികളും ഒഴിവായിരിക്കുകയില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

وَلَنَبْلُوَنَّكُم بِشَىْءٍ مِّنَ ٱلْخَوْفِ وَٱلْجُوعِ وَنَقْصٍ مِّنَ ٱلْأَمْوَٰلِ
وَٱلْأَنفُسِ وَٱلثَّمَرَٰتِ ۗ وَبَشِّرِ ٱلصَّٰبِرِينَ

(ഭീതി, പട്ടിണി, ജീവധനാദികളുടെ നഷ്ടം, കൃഷിനാശം മുതലായവയാൽ നാം നിങ്ങളെ പരീക്ഷിക്കുകതന്നെ ചെയ്യും. ക്ഷമിക്കുന്നവരെ സുവിശേഷമറിയിക്കുക). പ്രയാസങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും വിശ്വാസികളുടെ വിശ്വാസം മാറ്റുരക്കപ്പെടുന്നതിനെക്കുറിച്ച് സൂറഃ *അൽഅൻകബൂത്ത്* 2,3 സൂക്തങ്ങളിൽ പ്രസ്താവിക്കുന്നു:

أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا
ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَٰذِبِينَ

(ആളുകൾ വിചാരിക്കുന്നുവോ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നവകാശപ്പെടുന്നതുകൊണ്ടു മാത്രം പരീക്ഷിക്കപ്പെടാതെ വിട്ടയക്കപ്പെടുമെന്ന്?! അവർക്ക് മുമ്പുണ്ടായിരുന്നവരെ തീർച്ചയായും നാം പരീക്ഷിച്ചിരിക്കുന്നു; സത്യം പറയുന്നതാരെന്നും കള്ളം പറയുന്നവരാരെന്നും അല്ലാഹുവിന് കണ്ടറിയുകതന്നെ വേണം).

മൂസാ(അ)യുടെ കാലത്ത് ഫറവോൻസമൂഹത്തെ ദൈവബോധത്തിലേക്കുണർത്താൻ അല്ലാഹു പലതരം വിപത്തുകൾ പ്രത്യക്ഷപ്പെടുത്തിയപ്പോൾ ജനം മൂസാ(അ)യെ സമീപിച്ച് തങ്ങളിൽനിന്ന് ദുരിതമകറ്റാൻ അല്ലാഹുവിനോട് പ്രാർഥിക്കണമെന്ന് അപേക്ഷിച്ചതായി ഈ സൂറയിലെ 131-ാം സൂക്തത്തിലും സൂറഃ *അസ്സുഖ്റുഫി*ലെ 49-ാം സൂക്തത്തിലും പ്രസ്താവിക്കുന്നുണ്ട്. മുഹമ്മദ് നബി(സ) മക്കയിൽ പ്രബോധനം ചെയ്തുകൊണ്ടിരുന്ന കാലത്ത് ഖുറൈശികൾ കടുത്ത ക്ഷാമത്താൽ പരീക്ഷിക്കപ്പെട്ടതായി ഹദീസുകളിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. വറുതികൊണ്ട് പൊറുതി മുട്ടിയപ്പോൾ ഖുറൈശി പ്രമുഖന്മാർ അബൂസുഫ്യാന്റെ നേതൃത്വത്തിൽ പ്രവാചകനെ സമീപിച്ച് തങ്ങൾക്ക് ക്ഷേമവും സമൃദ്ധിയുമുണ്ടാകാൻ പ്രാർഥിക്കണമെന്നപേക്ഷിക്കുകയുണ്ടായി. തിരുമേനി അവർക്കുവേണ്ടി പ്രാർഥിക്കുകയും തൽഫലമായി ക്ഷാമം നീങ്ങുകയും ചെയ്തു. പക്ഷേ, ഈ സംഭവം ഖുറൈശികളുടെ സത്യവിരോധത്തിൽ കാര്യമായ മാറ്റമൊന്നുമുണ്ടാക്കിയില്ല. കഷ്ടപ്പാടുകൾ നീങ്ങിയപ്പോൾ ചിലർ കൂടുതൽ ഗർവിഷ്ഠരാവുകയാണുണ്ടായത്. ചിലരുടെ മനസ്സ് അൽപം മയപ്പെട്ടുവെങ്കിലും മറ്റു പ്രമാണിമാർ അവരെയും പറഞ്ഞു പാട്ടിലാക്കുകയായിരുന്നു. ക്ഷാമവും ക്ഷേമവുമൊക്കെ കാലാകാലങ്ങളിൽ വരികയും പോവുകയും ചെയ്യും. നമ്മുടെ പിതാക്കളും ഇതൊക്കെ എത്രയോ അനുഭവിച്ചിട്ടുള്ളതാണ്. കഷ്ടപ്പാടുവന്നപ്പോൾ നമ്മളൊക്കെ നമ്മുടെ ദൈവങ്ങളോടു പ്രാർഥിച്ചു. ക്ഷാമം നീങ്ങിയത് മുഹമ്മദിന്റെ പ്രാർഥന കൊണ്ടാണെന്ന് കരുതി അയാളുടെ വലയിൽ ചെന്നുചാടരുത്. ഇതായിരുന്നു ഖുറൈശി പ്രമാണിമാരുടെ നിലപാട്. അവർ ഇങ്ങനെയൊക്കെ പ്രചരിപ്പിച്ചുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് സൂറഃ *അൽഅഅ്റാഫ്* അവതരിച്ചതെന്ന് ഇബ്നു മസ്ഊദിൽനിന്നും ഇബ്നു അബ്ബാസി(റ)ൽനിന്നും ഉദ്ധരിക്കപ്പെട്ട ചില നിവേദനങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

മൂലത്തിലെ بَأْسَآءِ-ഉം ضَرَّآءِ-ഉം പര്യായപദങ്ങളാണ്. പക്ഷേ ഇവ ഒന്നിച്ചുപയോഗിക്കുമ്പോൾ بَأْسَآءِ-ന്റെ വിവക്ഷ ക്ഷാമം, വിളനാശം, വിലക്കയറ്റം, വ്യാപാരനഷ്ടം തുടങ്ങിയ സാമ്പത്തിക വിപത്തുകളും ضَرَّآءِ- ന്റെ വിവക്ഷ പകർച്ചവ്യാധികൾ, കൂട്ടമരണം തുടങ്ങിയ ശാരീരിക വിപത്തുകളുമാകുന്നു. ضرّاء എന്ന പദം سرّاء-ന്റെ വിപരീതമായി ഉപയോഗിക്കുമ്പോൾ

സാമ്പത്തികവും ശാരീരികവുമായ രണ്ടുതരം വിപത്തുകളെയും അതുൾക്കൊള്ളുന്നുണ്ടാകും. عفا എന്ന ക്രിയാ പദത്തിന്റെ ബഹുവചനമാണ് عفوا. പെരുകി, വികസിച്ചു, പുഷ്ക്കലമായി എന്നൊക്കെയാണ് അർഥം. عفت الأرض എന്നാൽ ഭൂമി സസ്യനിബിഡമായി. ഈ സൂക്തത്തിൽ عفوا എന്ന പദത്തിന്റെ ആശയം നേരത്തെ പീഡിതരും പതിതരുമായിരുന്ന ആ ജനം പിന്നെ എണ്ണത്തിലും വണ്ണത്തിലും, വിഭവശേഷിയിലും കായികശേഷിയിലും വികസിതരായി എന്നാണ്.

**95:** നേരത്തേ, 'നാം അവരെ ആകസ്മികമായി ശിക്ഷിച്ചു' فَأَخَذْنَـٰهُم بَغْتَةً എന്ന വാക്കിലൂടെ പരാമർശിച്ച ധർമധിക്കാരികളെ തന്നെയാണ് ഇവിടെ أَهْلَ ٱلْقُرَىٰٓ (പുരവാസികൾ) എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നത്. അക്കൂട്ടർ പ്രവാചകന്മാർ പ്രബോധനം ചെയ്ത ദൈവികസന്ദേശം സ്വീകരിച്ച്, സത്യധർമങ്ങളനുസരിച്ച് ദൈവഭക്തരായി വാഴാൻ തയാറായിരുന്നുവെങ്കിൽ നിർദയം ഉന്മൂലനം ചെയ്യപ്പെടുക എന്ന ശിക്ഷക്ക് വിധേയരാവുകയില്ലായിരുന്നു. മാനത്തുനിന്നുള്ള ശിലാവർഷത്തിനും ഭൂമിയിൽനിന്നുള്ള പ്രകമ്പനത്തിനും പകരം അല്ലാഹു അവർക്ക് മണ്ണിൽനിന്നും വിണ്ണിൽനിന്നും അനുഗ്രഹങ്ങളും സൗഭാഗ്യങ്ങളും ചൊരിഞ്ഞു കൊടുക്കുമായിരുന്നു.

ഇവിടെ രണ്ടു സംഗതികൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഒന്ന്, ദൈവധിക്കാരികളും ധർമനിഷേധികളുമായ സമൂഹം ഭൗതിക വിഭവസമൃദ്ധിയുടെയും ശക്തിയുടെയും ഉച്ചിയിൽ വിഹരിക്കാൻ വിട്ടയക്കപ്പെടുന്നത് അല്ലാഹുവിനു അവരോടുള്ള കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും ലക്ഷണമല്ല. രോഗിയുടെ ചരമകാന്തി, കെടാൻ പോകുന്ന തിരിയുടെ ആളൽ ആണത്. രണ്ട്, സത്യവിശ്വാസവും ദൈവഭക്തിയും പാരത്രിക ജീവിതത്തിന്റെ ക്ഷേമ സൗഭാഗ്യങ്ങൾ ഉറപ്പുനൽകുന്നതുപോലെ ഭൗതികജീവിതത്തിന്റെ ക്ഷേമ സൗഭാഗ്യങ്ങളും ഉറപ്പുനൽകുന്നുണ്ട്. സത്യവും ധർമവും പാലിക്കുന്ന ജനതക്ക് അല്ലാഹു മീതെനിന്നും താഴെനിന്നും വിഭവങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കും. ഈമാനും തഖ്‌വയുമൊക്കെ ഭൗതിക പുരോഗതിക്ക് തടസ്സമാകുന്നു എന്ന വിചാരം കേവലം മൗഢ്യമാണ്.

വിണ്ണിൽനിന്നുള്ള അനുഗ്രഹം മഴയും മണ്ണിൽനിന്നുള്ളത് കാർഷിക വിളകളുമാണ്. ചില സന്ദർഭങ്ങളിൽ വിശ്വാസികൾക്ക് അല്ലാഹു വിണ്ണിൽനിന്ന് മഴയല്ലാത്ത വിഭവങ്ങളും ഇറക്കിക്കൊടുത്തേക്കും; ഇസ്രാഈല്യർക്ക് മന്നയും സൽവയും ഇറക്കിക്കൊടുത്തപോലെ. ഇമാം ത്വബറാനിയും ബസ്സാറും ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: അബ്ദുല്ലാഹിബ്നു ഉമ്മി ഹറാം പ്രസ്താവിച്ചു: രണ്ടു ഖിബ്‌ലകളിലേക്ക് തിരിഞ്ഞും ഞാൻ നബി(സ)യോടൊപ്പം നമസ്കരിച്ചിട്ടുണ്ട്. തിരുമേനി അരുൾ ചെയ്യുന്നതായി ഞാൻ കേട്ടിരിക്കുന്നു: "റൊട്ടിയെ നിങ്ങൾ ആദരിക്കണം. അത് അല്ലാഹു ആകാശത്തിന്റെ അനുഗ്രഹങ്ങളിൽനിന്നിറക്കിയതാകുന്നു. ഭൂമിയുടെ അനുഗ്രഹങ്ങളെ അതിന് മെരുക്കിക്കൊടുക്കുകയും ചെയ്തു. ഭക്ഷണത്തളികയിൽനിന്ന് വീണുപോകുന്നത് പെറുക്കിയെടുക്കുന്നവന്റെ പാപം പൊറുക്കപ്പെടും." ■